ഗവൺമെൻറിന് ലഭിച്ചിരുന്നു. പരാതികളും അടിസ്ഥാനരഹിതമാണെന്ന് യൂണിവേഴ്സിറ്റി റിപ്പോർട്ട് ഗവൺമെൻറിന് ലഭിച്ചിട്ടുണ്ട്.

സ്വകാര്യ വിദ്യാലയങ്ങളിലെ സ്റ്റാഫ് ഫിക്സേഷൻ

*38 [42] ശ്രീ. പി. വിജയദാസ്:
,, എ. വി. താമരാക്ഷൻ:
,, ആർ. എസ്. ഉണ്ണി:
,, കെ കൃഷ്ണൻകുട്ടി:
,, ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വിദ്യാലയങ്ങളിലെ സ്റ്റാഫ് ഫിക്സേഷൻ എന്നു പൂർത്തിയാക്കുവാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്:

(ബി) കഴിഞ്ഞ വിദ്യാഭ്യാസ വർഷംവരെ സ്വീകരിച്ച സമ്പ്രദായത്തിന് മാറ്റം വരുത്തുവാൻ സർക്കാരിനെ പ്രേരിപ്പിച്ച കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ:

(സി) അദ്ധ്യാപക സംഘടനകളുടെ പ്രതിഷേധത്തിനിടയാക്കിയ പുതിയ സമ്പ്രദായം മാറ്റാൻ ആവശ്യമായ നടപടികളും സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) സെപ്റ്റംബർ മാസത്തിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) കുട്ടികളുടെ എണ്ണം എടുക്കുന്നതിന് വിദ്യാഭ്യാസ ആഫീസർമാർ നടത്തുന്ന പരിശോധന ഫലപ്രദമാകുന്നില്ല. പരിശോധന പല ദിവസങ്ങളിലായി നടത്തുന്നതുകൊണ്ട് മറ്റു സ്കൂളുകളിലെ കുട്ടികളെ കൊണ്ടുവന്ന് പരിശോധന നടത്തുന്ന സ്കൂളിൽ ഇരുത്തി കുട്ടികളുടെ എണ്ണം പെരുപ്പിച്ച് കാണിച്ച് കൂടുതൽ പോസ്റ്റുകളും ലഭ്യമാക്കിക്കുന്ന സമ്പ്രദായം വ്യാപകമായ തോതിൽ നടക്കുന്നുണ്ടെന്ന് പരാതികൾ ലഭിച്ചിരുന്നു. തൻമൂലം സർക്കാരിന് ഭീമമായ അധികച്ചെലവ് വഹിക്കേണ്ടിവന്നു. ഇതൊഴിവാക്കാനാണ് കുട്ടികളുടെ എണ്ണം പരിശോധിക്കുന്നതിനു വേണ്ടി പുതിയ സമ്പ്രദായം പരീക്ഷിച്ചുനോക്കാൻ തീരുമാനിച്ചത്.

(സി) ഇല്ല.

1984-85-ലെ പുതിയ പഠന കോഴ്സുകൾ

*39 [43] ശ്രീ. ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ കോളേജുകളിലും സർക്കാർ കോളേജുകളിലും പുതുതായി ആരംഭിക്കേണ്ട പഠനകോഴ്സുകൾക്ക് 1984-85-ൽ സ്വീകരിച്ച അപേക്ഷകൾ ഇപ്പോൾ പ്രാബല്യത്തിലുണ്ടോ;

(ബി) ഇതിൽ പ്രീഡിഗ്രി, ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേഷൻ നിലവാരത്തിലുള്ള പുതിയ ക്ലാസുകൾക്കും കോഴ്സുകൾക്കുമുള്ള അപേക്ഷകൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly